10/11/2021

24/11/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1369(5)/19/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.11532/SIC-G7/2019**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ടി.എ. പവിത്രൻ,<br>തുണ്ടിപ്പറമ്പിൽ വീട്,<br>പൊന്നാരിമംഗലം,<br>മുളവുകാട് പി.ഒ, എറണാകുളം – 682 504. | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം.<br><br>അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി,<br>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം | എതിർകക്ഷികൾ |

ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 17.04.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 27.04.2019 |
| ഒന്നാംഅപ്പീൽ | 09.05.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 10.06.2019 |
| രണ്ടാംഅപ്പീൽ | 03.07.2019 |
| ഹിയറിംഗ് തീയതി | 22.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |

1 അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, SRO-429/13 നമ്പർ ചട്ടങ്ങളുടെ വിവരാവകാശ അധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാ കൾച്ചർ ആക്ട് 15, 45 ,50 വകുപ്പ് (1) ഉപവകുപ്പിൽ കീഴിലെ വ്യവസ്ഥകൾക്ക് വിധേയമായി മേൽ സൂചിപ്പിച്ച

ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി പ്രസ്തുത ആക്ടിലെ വ്യവസ്ഥകളെ വിപരീതമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാകുന്നതിന് സർക്കാർ പുറപ്പെടുവിച്ചതായ ഉത്തരവിന്റെയും ഉത്തരവിൻമേൽ സർക്കാർ ഉണ്ടാക്കിയതായ വ്യവസ്ഥകളുടെയും വിവരാവകാശ അധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നു രണ്ടും എതിർകക്ഷികളിൽ നിന്നു പൂർണ്ണമായ വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി.

3. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യം വ്യക്തമായിരുന്നില്ല എന്നും ആ വിവരം അപ്പീൽഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും തുടർന്ന് ടിയാൻ അപ്പീൽ സമർപ്പിച്ചു എന്നും ആക്ടിനും ചട്ടങ്ങൾക്കും ഇടയ്ക്ക് വ്യവസ്ഥകൾ ഉൾകൊള്ളുന്ന മറ്റ് ഉത്തരവുകളൊന്നും തന്നെ ടി വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടില്ല എന്ന് ടിയാനെ അറിയിച്ചു കൊണ്ട് അപ്പീൽ തീർപ്പാക്കി എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി SRO No. 429/13 പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ള 1301/സി/11/മതുവ നമ്പർ തീർപ്പു ഫയൽ പരിശോധിക്കുവാനും പകർപ്പു നൽകുവാനും കഴിയും എന്നും ഒന്നാം എതിർകക്ഷി അറിയിച്ചു.

4. 17.04.2019 ലെ അപേക്ഷയിൽ ആവശ്യപ്പെട്ട ഒന്നാം ചോദ്യത്തിന് പകർപ്പുകൾ ലഭിച്ചിട്ടുണ്ട് എന്നും 2010 ലെ കേരള ഉൾനാടൻ ഫിഷറീസും 15–ാം ആക്ടിലെ 45(1) വ്യവസ്ഥ അനുസരിച്ച് ചട്ടം വിപരീതമല്ലാതാക്കാൻ വേണ്ടി ചില വ്യവസ്ഥകൾ ഉണ്ടെന്നും അതുപ്രകാരമാണ് രണ്ടാമത്തെ ചോദ്യം ആവശ്യപ്പെട്ടത് എന്നും ചോദ്യം വളരെ വ്യക്തമാണെന്നും ആയത് തെളിയിക്കുന്ന രേഖകൾ ഉണ്ടെന്നും 2010 ലെ 15–ാം ആക്ടിലെ 45(1) വകുപ്പിലെ വ്യവസ്ഥ സർക്കാർ തള്ളിക്കളഞ്ഞ് കൊണ്ട് 44(1) –ാം വകുപ്പ് പ്രകാരം പ്രസ്തുത ആക്ടിലെ 2 (എഫ്) വകുപ്പിനും 17(1) –ാം വകുപ്പിനും വിപരീതമായ വ്യവസ്ഥകളോടെ 28.05.2013 തീയതി SRO-429/2013 –ാം നമ്പർ ചട്ടങ്ങൾ ഉണ്ടാക്കിയത് എന്നും 2011 ലെ 1303/സി/11/മ.തു.വ നമ്പർ കരാർ ഉടമ്പടിയും SRO-429/2013 –ാം നമ്പർ ചട്ട

ങ്ങൾ ഒഴികെയുള്ള മറ്റെല്ലാ രേഖകളുടെയും പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ് ടിയാൻ അറിയിച്ചത്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ അപേക്ഷയുമായി ബന്ധപ്പെട്ട് വിശദമായ മൊഴിയാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആക്ടിനും ചട്ടങ്ങൾക്കും ഇടയ്ക്ക് വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മറ്റ് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല എന്നും അറിയിക്കുന്നുണ്ട്. ലഭ്യമാക്കാവുന്ന വിവരങ്ങൾ നൽകിയിട്ടുള്ളതായും കാണുന്നു. ആക്ടിന് വിധേയമായിട്ടാണ് ചട്ടങ്ങൾ രൂപീകരിക്കുന്നത്. എന്നാൽ അപ്പീൽവാദിയുടെ അഭിപ്രായ പ്രകാരം ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിലാണ് ചട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നതെന്ന് അഭിപ്രായപ്പെടുന്നതിനാലും അപ്പീൽഹർജിക്കാരന് വിവരം ലഭ്യമാക്കണമെന്ന സാഹചര്യത്തിലും 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി **SRO-429/2013** നമ്പർ ചട്ടം രൂപീകരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ള 1303/സി/11/മ.തു.വ നമ്പർ തീർപ്പു ഫയൽ പരിശോധിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്നതിനും, തുടർനടപടിക്കായി ഫിഷറീസ് ഡയറക്ടറേറ്റുമായി ബന്ധപ്പെടുന്നതിനുമായി ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ 1303/സി/11/മ.തു.വ നമ്പർ തീർപ്പു ഫയലിന്റെ (കുറിപ്പ് ഫയൽ, നടപ്പ് ഫയൽ) മുഴുവൻ പകർപ്പുകളും സൗജന്യമായി അപ്പീൽഹർജിക്കാരന് നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്

6. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2021 നവംബർ മാസം 10 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION